**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1077.** **01.03.2017 ന് മറുപടിയ്ക്ക്**

**വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരി വിപണനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി.ടി.എ. റഹീം :** | | **ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരി വിപണനം വ്യാപകമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രായപൂർത്തിയാവാത്ത കുട്ടികളെ ലഹരിയ്ക്ക് അടിമകളാക്കുകയും കാര്യർ മാരായി ഉപയോഗിക്കുകയും ചെയ്യുന്ന ലഹരി മാഫിയയെ നിയന്ത്രിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ ; | (ബി) | മദ്യത്തിനും മയക്കുമരുന്നിനുമെതിരെയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് വേണ്ടി കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" രൂപീകരിച്ചിട്ടുണ്ട്. അബ്കാരി. നിയമം, കോട്പ ആക്റ്റ്, എൻ.ഡി.പി.എസ് ആക്റ്റ്, എം&റ്റി.പി. ആക്റ്റ് & റൂൾസ് എന്നിവ പ്രകാരം മദ്യത്തിനും മയക്കുമരുന്നിനുമെതിരെ നടപടികൾ സ്വീകരിക്കുന്നുണ്ട്. വർദ്ധിച്ചുവരുന്ന മയക്കുമരുന്നുപയോഗത്തിനെതിരെ നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര നിയമമായ എൻ.ഡി. പി.എസ് ആക്റ്റിൽ കുറഞ്ഞ അളവ് പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര സർക്കാരിനോട് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | വിദ്യാഭാസ വകുപ്പുമായി ചേർന്ന് ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ സ്കൂൾ പാഠ്യപദ്ധതി യിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ? | (സി) | ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ പാഠഭാഗമായി ഉൾപ്പെടുത്തു ന്നതിന് വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**